**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5443</u>**

**<u>24/05/2017 - ലെ മറുപടിക്ക്</u>**

**സർക്കാർ-അർദ്ധസർക്കാർ-പാർട്ട്ടൈം ജീവനക്കാർ-പെൻഷൻകാർ എന്നിവരുടെ ചികിത്സാപദ്ധതി**

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർ, അർദ്ധസർക്കാർ ജീവനക്കാർ, പാർട്ട് ടൈം ജീവനക്കാർ, പെൻഷൻകാർ എന്നിവരുടെ ചികിത്സയ്ക്കായി ആവിഷ്കരിച്ച പുതിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് G.O(P) No. 54/2017/Fin dated 24/04/2017 പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം നിലവിൽ സർക്കാർ ജീവനക്കാരും പെൻഷൻകാരുമാണ് ഇതിന്റെ ഗുണഭോക്താക്കൾ. കൂടാതെ പാർട്ട് ടൈം ജീവനക്കാരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അർദ്ധ സർക്കാർ ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിട്ടില്ല. |
| (ബി | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യങ്ങൾ വേഗത്തിൽ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രാബല്യത്തിൽ വരുമ്പോൾ റീ ഇമ്പേഴ്സ്മെന്റ് പ്രസക്തമല്ലാതാകും. |
| (സി) | പാർട്ട് ടൈം ജീവനക്കാർക്ക് ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | G.O(P) No. 54/2017/Fin dated 24/04/2017 പ്രകാരം പാർട്ട് ടൈം ജീവനക്കാരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പാർട്ട് ടൈം ജീവനക്കാർക്ക് കാരുണ്യ ചികിത്സാ സഹായത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പാർട്ട് ടൈം ജീവനക്കാരും ഉൾപ്പെടുന്നതിനാൽ മറ്റ് ചികിൽസാ പദ്ധതികൾ പ്രസക്തമല്ല. |

**സെക്ഷൻ ഓഫീസർ**